# O.S.S.A.E.
## വാർഷിക പരീക്ഷ 2016

Class IX 04-12-2016, Sunday 11 AM to 1 PM Marks 50

**പേര് എഴുതുക (1–5)** 5

1. ശീലാസിന്റെ റോമൻ നാമം.
2. വി. പൗലോസിന്റെ ആദ്യ മിഷനറിയാത്ര ആരംഭിച്ചത് എവിടെനിന്ന്.
3. യെരുശലേം സുന്നഹദോസിന്റെ അദ്ധ്യക്ഷൻ.
4. കൽക്കദോൻ പക്ഷക്കാർക്ക് എതിരെ സത്യവിശ്വാസം പഠിപ്പിക്കുന്നതിൽ ഏറ്റവും അധികം വിജയിച്ച പ. പിതാവ്.
5. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിക്ക് സഭ നൽകിയ മറ്റൊരു പേര്.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (6–10)** 5

6. ഭാരതത്തിലെ ആദ്യ പത്രം.
(മലയാള മനോരമ, ബംഗാൾ ഗസറ്റ്, ദി ഹിന്ദു)
7. മലങ്കരസഭയെ റോമൻ കത്തോലിക്ക വിശ്വാസത്തിൻകീഴിൽ കൊണ്ടുവന്ന സുന്നഹദോസ്.
(ഉദയംപേരൂർ സുന്നഹദോസ്, നിഖ്യ സുന്നഹദോസ്, മുളന്തുരുത്തി സുന്നഹദോസ്)
8. ശൗലും കൂട്ടരും ഏതു പട്ടണത്തിലേക്കു പോകുമ്പോഴാണ് ശൗലിനു മാനസാന്തരമുണ്ടായത്?
(തർസോസ്, ഏതൻസ്, ദമസ്കോസ്)
9. വലിയ പ്രവാചകന്മാരിൽപ്പെടാത്ത ഒരാൾ.
(യിരമ്യാവ്, ദാനിയേൽ, ആമോസ്)
10. പൗലോസ് അപ്പോസ്തലന്റെ മൂന്നാം മിഷനറി യാത്രയിൽ ഏറ്റവും കൂടുതൽ നാൾ താമസിച്ചു പ്രവർത്തിച്ച പട്ടണം. (റോം, കൊരിന്ത്, എഫേസൂസ്)

**താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ തെറ്റോ, ശരിയോ എന്നെഴുതുക (11–15)** 5

11. സ്ലീബാനമസ്കാരം ഉപയോഗിച്ചു തുടങ്ങുന്നത് സ്ലീബാ പെരുന്നാളിനുശേഷമാണ്.
12. മാർ ബാലായിയുടെ മറ്റൊരു പേരാണ് വി. റൂഹായുടെ കിന്നരം.
13. തനിക്കുള്ളതിനെ പൂർണ്ണമായി അംഗീകരിച്ച് സ്വയമതിപ്പു നേടിയെടുക്കാനല്ല കൗമാരക്കാർ ശ്രമിക്കേണ്ടത്.
14. അന്ത്യോഖ്യൻ സുറിയാനിസഭയിലെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ആണ് വിശ്വാസ പ്രമാണം വി. കുർബാനയിൽ ചൊല്ലുന്ന രീതി ഏർപ്പെടുത്തിയത്.
15. പഴയകാലത്തു ഭവനങ്ങളുടെ ആസ്തി നിശ്ചയിച്ചിരുന്നത് കൃഷിയുടെ പശ്ചാത്തലത്തിലായിരുന്നു.

**താഴെ പറയുന്നവ ആര്, ആരോട് പറഞ്ഞു എന്ന് എഴുതുക (16–20)** 5

16. “ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തു അത്രെ എന്നിൽ ജീവിക്കുന്നു.”
17. “ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ലാ. നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം.”
18. “നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴുപ്രാവശ്യം നിന്നെ സ്തുതിക്കുന്നു.”
19. “നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും, അതിൽക്കൂടി കടക്കുന്നവർ അനേകരും ആകുന്നു.”
20. “കർത്താവായ യേശുവിനെ ഞാൻ കണ്ടിട്ടില്ലയൊ.”

**ഏറ്റവും അനുയോജ്യമായ രീതിയിൽ ചേർത്ത് എഴുതുക (21-25)** 5

21. അൽവാറീസ് - കൈസറിയ
22. വലിയ മാർ ബസേലിയോസ് - ഹനൂക്ക
23. അർത്തിമീസ് - അഹത്തുള്ള
24. പ്രതിഷ്ഠാപ്പെരുന്നാൾ - റിസാന്തർ
25. പോർത്തുഗീസുകാർ - എഫേസൂസ്

**ഒറ്റവാക്കിൽ ഉത്തരമെഴുതുക (26-30)** 5

26. ദാസഗീതങ്ങൾ എന്ന് അറിയപ്പെടുന്ന അദ്ധ്യായങ്ങൾ ഏതു പുസ്തകത്തിൽ വരുന്നു?
27. യരുശലേം ദൈവാലയം തകർക്കപ്പെട്ടശേഷം ആരാധനയ്ക്കായി യഹൂദന്മാർ ഒത്തുകൂടിയിരുന്ന സ്ഥലത്തിനു പറഞ്ഞിരുന്ന പേര് എന്ത്?
28. ചേന്നമംഗലം ആസ്ഥാനമായി പ്രവർത്തിച്ച ഒരു പുരാതന കേരള രാജവംശം ഏത്?
29. നമ്മുടെ എല്ലാ യാമപ്രാർത്ഥനകളും വി. കൂദാശകളും അവസാനിപ്പിക്കുന്നത് ഏതു പ്രാർത്ഥനയോടുകൂടിയാണ്?
30. യേശു പൂർണ്ണ ദൈവമാണെങ്കിലും പൂർണ്ണ മനുഷ്യനല്ല എന്നു പഠിപ്പിച്ച വേദവിപരീതി ആരായിരുന്നു?

**ഒറ്റ വാചകത്തിൽ ഉത്തരം എഴുതുക (31-35)** 10

31. ഗ്രീക്കുഭാഷയിലുണ്ടായ "സെപ്റ്റുജിന്റ്" എന്ന വേദപുസ്തകഭാഷാന്തരം തയ്യാറാക്കിയത് ആർക്കുവേണ്ടിയായിരുന്നു?
32. ഏതുതരത്തിൽ ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനകളെയാണ് ലുത്തിനിയാകൾ എന്നു പറയുന്നത്?
33. ലുത്തിനിയാകളുടെ ആരംഭവും അവസാനവും ക്രമീകരിച്ചിരിക്കുന്നത് എങ്ങനെ?
34. ത്രിത്വസ്തുതിയിലൂടെ പരിശുദ്ധ സഭ പ്രഖ്യാപിക്കുന്നത് എന്ത്?
35. പീറ്റർ ശെമ്മാശന് സർക്കാരിൽനിന്നു ലഭിച്ച പ്രത്യേക പദവി എന്തായിരുന്നു?

**താഴെക്കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (36-39)** 4

"പെട്ടെന്ന് വലിയൊരു ഭൂകമ്പം ഉണ്ടായി; കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന്, കല്ല് ഉരുട്ടി നീക്കി അതിന്മേൽ ഇരുന്നിരുന്നു. അവന്റെ രൂപം മിന്നലിന് ഒത്തതും അവന്റെ ഉടുപ്പ് ഹിമം പോലെ വെളുത്തതും ആയിരുന്നു. കാവൽക്കാർ അവനെക്കണ്ട് പേടിച്ചുവിറച്ച് മരിച്ചവരെപ്പോലെ ആയി. ദൂതൻ സ്ത്രീകളോട് ഭയപ്പെടേണ്ട; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു; അവൻ ഇവിടെ ഇല്ല; താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു."

36. കല്ലിന്മേൽ ഇരുന്നിരുന്നത് ആരായിരുന്നു?
37. അവന്റെ ഉടുപ്പ് എന്തുപോലെ ആയിരുന്നു?
38. അവനെ കണ്ടപ്പോൾ കാവൽക്കാർക്ക് എന്തുപറ്റി?
39. ഈ വേദഭാഗത്തിനോടു ബന്ധപ്പെട്ട് ക്യംതാ, പ്രഭാതനമസ്കാരത്തിൽ ഒരു ഗീതമുണ്ട്. ഈ ഗീതത്തിന്റെ തുടക്കത്തിൽ ഉള്ള രണ്ടുവരി എഴുതുക.

**പ്രാർത്ഥന എഴുതുക** 2

40. 'അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ....................... നിന്റെ സ്തുതിയുടെ വലിപ്പംനിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

**ഗീതം എഴുതുക** 4

41. 'ഋജുമതികൾക്കിരുളിൽ ദ്യുതി ഉളവായി
    .......................................................................
    ന്നപരം നീരിന്നാധാരം.'